# സാക്ഷാത് ബ്രഹ്മാബാബയ്ക്ക് സമാനം കര്‍മ്മയോഗി മാലാഖ ആകൂ അപ്പോള്‍ സാക്ഷാത്കാരം ആരംഭിക്കും

ഇന്ന് ബ്രാഹ്മണലോകത്തിന്റെ രചയിതാവ് ബാപ്ദാദ തന്റെ ബ്രാഹ്മണ ലോകത്തെ കണ്ടുകണ്ട് ഹര്‍ഷിതമാവുകയാണ്. എത്ര കൊച്ചു പ്രിയങ്കര ലോകമാണ്. ഓരോരോ ബ്രാഹ്മണരുടെയും നെറ്റിയില്‍ ഭാഗ്യ നക്ഷത്രം തിളങ്ങുകയാണ്. യഥാക്രമം ആയിട്ടും ഓരോരുത്തരുടെയും നക്ഷത്രത്തില്‍ ഭഗവാനെ തിരിച്ചറിയുന്നതിന്റെയും ആയിത്തീരുന്നതിന്റെയും ശ്രേഷ്ഠ ഭാഗ്യത്തിന്റെ തിളക്കമാണ്. ഏത് ബാബയെ ഋഷി, മുനി, തപസ്വിമാര്‍ നേതി നേതി എന്ന് പറഞ്ഞുകൊണ്ട് പോയോ ആ ബാബയെ ബ്രാഹ്മണ ലോകത്തെ നിഷ്കളങ്ക ആത്മാക്കള്‍ അറിഞ്ഞിരിക്കുന്നു, നേടിയിരിക്കുന്നു. ഈ ഭാഗ്യം ഏത് ആത്മാക്കള്‍ക്കാണ് പ്രാപ്തമാകുന്നത്? സാധാരണ ആത്മാക്കളായവര്‍ക്ക്. ബാബയും സാധാരണ ശരീരത്തിലേക്ക് വരുന്നു. കുട്ടികളും സാധാരണ ആത്മാക്കളായി തന്നെ അറിയുന്നു. ഇന്നത്തെ ഈ സഭയില്‍ നോക്കൂ ആരാണ് ഇരിക്കുന്നത്? ആരെങ്കിലും കോടി കോടിപതിമാര്‍ ഇരിക്കുന്നുണ്ടോ? സാധാരണ ആത്മാക്കള്‍ക്ക് തന്നെയാണ് മഹിമയുള്ളത്. ബാബ ദരിദ്രരുടെ നാഥന്‍ എന്നാണ് പാടപ്പെട്ടിട്ടുള്ളത്. കോടി കോടാനുപതികളുടെ നാഥനെന്നല്ല പാടിയിട്ടുള്ളത്. ബുദ്ധിവാന്മാരുടെയും ബുദ്ധിക്ക് എന്താ ഏതെങ്കിലും കോടി കോടാനുപതികളുടെ ബുദ്ധിയെ സ്പര്‍ശിക്കാന്‍ സാധിക്കില്ലേ? എന്താ വലിയ കാര്യമാണോ! എന്നാല്‍ ഡ്രാമയുടെ വളരെ നല്ല മംഗളകാരിയായ നിയമം ഉണ്ടാക്കപ്പെട്ടിട്ടുള്ളത്, പരമാത്മ കാര്യത്തില്‍ തുള്ളി തുള്ളിയായി നിറയണമെന്നാണ്. അനേക ആത്മാക്കളുടെ ഭാവി ഉണ്ടാക്കണം. പത്തോ ഇരുപതോ അല്ല, അനേകാത്മാക്കളുടെ സഫലമാകണം. അതിനാല്‍ മഹിമയുണ്ട് തുള്ളി തുള്ളിയില്‍ നിന്ന് തടാകം. താങ്കള്‍ എല്ലാവരും എത്രത്തോളം ശരീരം മനസ്സ് ധനം സഫലമാക്കി കൊണ്ടിരിക്കുന്നുവോ അത്രയും തന്നെ സഫലതയുടെ നക്ഷത്രമായി മാറിയിരിക്കുന്നു. എല്ലാവരും സഫലതയുടെ നക്ഷത്രങ്ങള്‍ ആയിട്ടില്ലേ? ആയിട്ടുണ്ടോ അതോ ആകണമോ? ആലോചിക്കുകയാണോ? ആലോചിക്കരുത്. ചെയ്യാം, നോക്കാം, ചെയ്യുക തന്നെ വേണമല്ലോ.... ഈ ആലോചനയും സമയം നഷ്ടപ്പെടുത്തലാണ്. ഭാവിയുടെയും വര്‍ത്തമാനത്തെയും പ്രാപ്തി നഷ്ടപ്പെടുത്തലാണ്.

ബാപ്ദാദയുടെ അടുക്കല്‍ ചില ചില കുട്ടികളുടെ ഒരു സങ്കല്പം എത്തിച്ചേരുന്നുണ്ട്. പുറമേയുള്ളവര്‍ പാവങ്ങളാണ് എന്നാല്‍ ബ്രാഹ്മണ ആത്മാക്കള്‍ പാവങ്ങളല്ല ചിന്താശേഷിയുള്ളവരാണ്, വിവേകശാലികളാണ്. എന്നാല്‍ ഇടയ്ക്കിടയ്ക്ക് ചില ചില കുട്ടികളില്‍ ഒരു ദുര്‍ബല സങ്കല്പം ഉയരുന്നു. പറയട്ടെ. പറയട്ടെ? എല്ലാവരും കൈ ഉയര്‍ത്തുകയാണ്. വളരെ നല്ലത്. ഇടയ്ക്കിടെ ചിന്തിക്കുന്നു എന്താ വിനാശം സംഭവിക്കണോ അതോ സംഭവിക്കാതിരിക്കണോ! 99 ന്റെ ചക്രവും പൂര്‍ത്തിയായി, 2000 വും പൂര്‍ത്തിയാകുന്നു. ഇനി ഏതു വരെ? ബാപ്ദാദ ചിന്തിക്കുന്നു. ചിരിക്കേണ്ട കാര്യമാണ് വിനാശത്തെപ്പറ്റി ചിന്തിക്കുക എന്നാല്‍ ബാബയോട് വിട പറയുക. എന്തെന്നാല്‍ വിനാശമുണ്ടാകുക എന്നാല്‍ ബാബ പരംധാമത്തിലേക്ക് പോകുമല്ലോ! അപ്പോള്‍ എന്താ സംഗമം മുതലേ ക്ഷീണിച്ചു പോയോ. വജ്രതുല്യമെന്ന് പറയുന്നു സ്വര്‍ണ്ണിമത്തെ കൂടുതല്‍ ഓര്‍മ്മിക്കുന്നു. സംഭവിക്കേണ്ടതാണ് എന്നാല്‍ എന്തിനാണ് കാത്തിരിക്കുന്നത്? പല കുട്ടികളും ചിന്തിക്കുന്നു സഫലമാക്കാം, എന്നാല്‍ നാളെയോ മറ്റന്നാളോ വിനാശം ഉണ്ടായാല്‍ ഞങ്ങള്‍ക്കൊരു ഉപയോഗവും ആവുകയില്ല, അപ്പോള്‍ അത് സേവനത്തില്‍ ഉപയോഗിച്ചിട്ടില്ല. അപ്പോള്‍ ചെയ്യാം ചിന്തിച്ചിട്ട് ചെയ്യാം. കണക്കനുസരിച്ച് ചെയ്യാം, കുറേശ്ശെ കുറേശ്ശെ ചെയ്യാം. ഈ സങ്കല്പം ബാബയുടെ അടുക്കല്‍ എത്തിച്ചേരുന്നുണ്ട്. എന്നാല്‍ അഥവാ താങ്കള്‍ കുട്ടികള്‍ ഇന്ന് തന്റെ ശരീരം സേവനത്തില്‍ സമര്‍പ്പിച്ചുവെങ്കില്‍, മനസ്സ് വിശ്വ പരിവര്‍ത്തനത്തിന്റെ വൈബ്രേഷനില്‍ നിരന്തരം ഉപയോഗിച്ചുവെങ്കില്‍ , എന്ത് ധനം ഉണ്ടോ പ്രാപ്തിക്കു മുന്നില്‍ അത് ഒന്നുമല്ല എന്നാല്‍ എന്തായാലും ഇന്ന് താങ്കള്‍ ചെയ്തു നാളെ വിനാശം സംഭവിക്കുന്നു, എങ്കില്‍ എന്താ താങ്കളുടേത് സഫലമായോ അതോ വ്യര്‍ഥമായി പോയോ? ചിന്തിക്കൂ സേവനത്തില്‍ ഉപയോഗപ്പെട്ടില്ല എങ്കില്‍ എന്താ സഫലമായോ? താങ്കള്‍ ആര്‍ക്ക് വേണ്ടിയാണ് സഫലമാക്കിയത്? ബാപ്ദാദയെ പ്രതിയല്ലേ സഫലമാക്കിയത്? ബാപ്ദാദ അവിനാശിയാണ്, ഒരിക്കലും വിനാശമാവുകയില്ല. അവിനാശി കണക്കില്‍ അവിനാശി ബാപ്ദാദയുടെ അടുക്കല്‍ താങ്കളിന്ന് ശേഖരിച്ചു, ഒരു മണിക്കൂര്‍ മുമ്പ് ശേഖരിച്ചു, എങ്കില്‍ അവിനാശി ബാബയുടെ അടുക്കല്‍ താങ്കളുടെ കണക്ക് ഒന്നിന് കോടിമടങ്ങ് ശേഖരണമായി. ബാബ ബന്ധിതനാണ് ഒന്നിന് കോടി തരുവാനായി. അപ്പോള്‍ ബാബ പോവുകയില്ലല്ലോ, പഴയ സൃഷ്ടിയല്ലേ വിനാശമായി പോകുക! അതിനാല്‍ താങ്കളുടെ ഹൃദയം കൊണ്ട് ചെയ്തതോ, നിര്‍ബന്ധം കൊണ്ട് ചെയ്തതോ, കാണിക്കാന്‍ വേണ്ടി ചെയ്തതോ - അവയ്ക്ക് പൂര്‍ണ്ണമായും ലഭിക്കുകയില്ല. ലഭിക്കുക തീര്‍ച്ചയായും ചെയ്യും. എന്തെന്നാല്‍ ദാതാവിന് നല്‍കിയതാണ്. എന്നാലും പൂര്‍ണ്ണമായും ലഭിക്കുന്നില്ല. അതിനാല്‍ ഇത് ചിന്തിക്കാതിരിക്കു, ശരി വിനാശം ഇപ്പോള്‍ 2001

വരെയും കാണപ്പെടുന്നേയില്ല, ഇപ്പോഴാണെങ്കിൽ പരിപാടികൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു, കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. വലിയ വലിയ പദ്ധതികൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. അപ്പോൾ 2001 ആയിട്ടും കാണപ്പെടുന്നേയില്ല, കാണപ്പെടുകയില്ല. ഒരിക്കലും ഈ കാര്യങ്ങളെ തന്റെ ആധാരമാക്കി അലസരാകരുത്. അപ്രതീക്ഷിതമായി സംഭവിക്കണം. ഇന്ന് ഇവിടെ ഇരിക്കുകയാണ്, ഒരു മണിക്കൂറിനു ശേഷവും സംഭവിച്ചേക്കാം. സംഭവിക്കേണ്ടതില്ല, പേടിക്കരുത് അറിയില്ല ഒരു മണിക്കൂറിനു ശേഷം എന്താണാവോ സംഭവിക്കുക! സംഭവ്യമാണ്. ഇത്രയും സദാ തയ്യാറായിരിക്കുക തന്നെ വേണം. ശിവരാത്രി വരെയും ചെയ്യാം, ഇങ്ങനെ ചിന്തിക്കരുത്. സമയത്തിന്റെ കാത്തിരിപ്പ് നടത്താതിരിക്കുക. സമയം താങ്കളുടെ രചനയാണ്. താങ്കൾ മാസ്റ്റർ രചയിതാവാണ്. രചയിതാവ് രചനയ്ക്ക് അധീനമായി പോകരുത്. സമയം രചന താങ്കളുടെ ആജ്ഞയിൽ നടക്കേണ്ടതാണ്. താങ്കൾ സമയത്തിന്റെ കാത്തിരിപ്പ് നടത്താതിരിക്കുക. എന്നാൽ ഇപ്പോൾ സമയം താങ്കളുടെ കാത്തിരിപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. പല കുട്ടികളും ചിന്തിക്കുന്നു ആറുമാസത്തേക്ക് ബാപ്ദാദ പറഞ്ഞിട്ടുണ്ട്, അപ്പോൾ ആറുമാസം എന്തായാലും ഉണ്ടാകും. ഉണ്ടാകുമല്ലോ! പക്ഷേ ബാപ്ദാദ പറയുന്നു ഈ പരിധിയിലുള്ള കാര്യങ്ങളുടെ ആധാരം എടുക്കാതിരിക്കു, സദാ തയ്യാറായിരിക്കൂ. നിരാധാരം, ഒരു സെക്കന്റിൽ ജീവൻമുക്തി. വെല്ലുവിളിക്കുന്നു ഒരു സെക്കന്റിൽ ജീവൻ മുക്തിയുടെ സമ്പത്ത് നേടു. അപ്പോൾ എന്താ താങ്കൾക്ക് ഒരു സെക്കന്റിൽ സ്വയത്തെ ജീവൻമുക്തമാക്കുവാൻ സാധിക്കുകയില്ലേ? അതിനാൽ കാത്തിരിപ്പ് അല്ല, സമ്പന്നമാകുന്നതിന്റെ തയ്യാറെടുപ്പ് നടത്തു.

ബാപ്ദാദയ്ക്ക് കുട്ടികളുടെ കളി കണ്ട് ചിരിയും വരുന്നു. ഏത് കളിയിലാണ് ചിരി വരുന്നത്? പറയാമോ എന്താണ്? ഇന്ന് മുരളി കേൾപ്പിക്കുന്നില്ല വാർത്തകൾ കേൾപ്പിക്കുകയാണ്. ഇപ്പോൾ വരെയും പല കുട്ടികൾക്കും കളിപ്പാട്ടങ്ങൾ കൊണ്ട് കളിക്കുന്നത് വളരെ ഇഷ്ടമാണ്. കൊച്ചു കൊച്ചു കാര്യങ്ങളുടെ കളിപ്പാട്ടങ്ങൾ കൊണ്ട് കളിക്കുക, ചെറിയ കാര്യത്തെ ഉള്ളിൽ എടുക്കുക, ഇവ സമയം നഷ്ടപ്പെടുത്തലാണ്. ഇവ വഴിയോരക്കാഴ്ചകളാണ്. ഭിന്നഭിന്ന സംസ്കാരങ്ങളുടെ പ്രശ്നങ്ങൾ, അഥവാ പെരുമാറ്റങ്ങൾ ഇത് സമ്പൂർണ്ണതയുടെ ലക്ഷ്യത്തിനിടയ്ക്ക് വരുന്ന വഴിയോര കാഴ്ചകളാണ്. ഇതിൽ നിന്നുപോവുക അതായത് ആലോചിക്കുക, പ്രഭാവത്തിലേക്ക് വരിക, സമയം നഷ്ടപ്പെടുത്തുക, താല്പര്യത്തോടെ കേൾക്കുക, കേൾപ്പിക്കുക, അന്തരീക്ഷം ഉണ്ടാക്കുക... ഇതാണ് നിന്നു പോകുക, ഇതിലൂടെ സമ്പൂർണ്ണതയുടെ ലക്ഷ്യത്തിൽ നിന്നും ദൂരെയായി പോകുന്നു. പരിശ്രമം വളരെ, ആഗ്രഹം വളരെ ബാപ്സമാനം ആവുക തന്നെ വേണം. ശുഭ സങ്കല്പം, ശുഭ ഇച്ഛയുണ്ട് എന്നാൽ പരിശ്രമം ചെയ്തുകൊണ്ടും തടസ്സം വരുന്നു. രണ്ട് ചെവിയുണ്ട്, രണ്ട് കണ്ണുണ്ട്, വായുണ്ട് എങ്കിൽ കാണുകയും ചെയ്യും, കേൾക്കുകയും ചെയ്യും, സംസാരിക്കുകയും ചെയ്യും. എന്നാൽ ബാബയുടെ വളരെ പഴയ സ്ലോഗൻ ഓർമ്മയിൽ വെക്കൂ, കണ്ടിട്ടും കാണാതിരിക്കൂ, കേട്ടിട്ടും കേൾക്കാതിരിക്കൂ. കേട്ടിട്ട് ചിന്തിക്കരുത്, കേട്ടിട്ട് ഉള്ളിലൊതുക്കൂ, പരത്തരുത്. ഈ പഴയ സ്ലോഗൻ ഓർമ്മയിൽ തീർച്ചയായും വെക്കണം. എന്തെന്നാൽ ദിനം പ്രതിദിനം ആരെല്ലാം എല്ലാവരെയും പോലെ പഴയ ശരീരത്തിൽ നിന്ന് കണക്ക് തീർത്തു കൊണ്ടിരിക്കുന്നു. ഇങ്ങനെ തന്നെ പഴയ സംസ്കാരവും പഴയ രോഗങ്ങളും എല്ലാം പുറത്തുവന്ന് തന്നെ അവസാനിക്കണം, അതിനാൽ പരിഭ്രമിക്കരുത് ഇപ്പോൾ അറിയില്ല ഇനിയും പ്രശ്നങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്, ആദ്യമാണെങ്കിൽ ഉണ്ടായിരുന്നില്ല. എന്തുണ്ടായിരുന്നില്ല അതും ഇപ്പോൾ പുറത്തേക്ക് വരും, പുറത്തുവരണം. താങ്കളുടെ ഉള്ളിൽ ഒതുക്കാനുള്ള ശക്തി, സഹനശക്തി, ഉൾക്കൊള്ളാനുള്ള ശക്തി, നിർണയിക്കുന്നതിനുള്ള ശക്തി ഇവയുടെ പരീക്ഷയാണ്. എന്താ 10 വർഷത്തിനു മുമ്പത്തെ പരീക്ഷ വരുമോ? ബി.എ.യുടെ ക്ലാസിലെ പരീക്ഷ എം.എ.യുടെ ക്ലാസ്സിൽ വരുമോ? അതിനാൽ പരിഭ്രമിക്കരുത്, എന്താണ് സംഭവിക്കുന്നത്? ഇതും സംഭവിക്കുന്നു, ഇത് സംഭവിക്കുന്നു.... കളി കാണൂ. പരീക്ഷ പാസാകു, ബഹുമതിയോടെ പാസാകുന്നവരാകൂ.

ബാപ്ദാദ ആദ്യമേ പറഞ്ഞിട്ടുണ്ട് പാസാക്കുന്നതിനുള്ള ഏറ്റവും സഹജ മാർഗ്ഗമാണ് കൂടെ കഴിയൂ, നിങ്ങളുടെ കാര്യത്തിന് അപ്പുറത്തുള്ളത് എന്താണ് അതിനെ കടത്തിവിടു കൂടെ(പാസ്) കഴിയൂ, കടത്തിവിടു (പാസ്), വിജയി (പാസ്) ആകൂ. എന്താ ബുദ്ധിമുട്ട് ആണോ? ടീച്ചേഴ്സ് പറയൂ മധുബൻകാർ പറയൂ. മധുബൻകാർ കൈ ഉയർത്തു. സമർത്ഥരാണ് മധുബൻകാർ. മുന്നിലേക്ക് വരുന്നു വന്നോളൂ. ബാപ്ദാദയ്ക്ക് സന്തോഷമാണ്. സ്വന്തം അവകാശം എടുക്കുകയല്ലേ? നല്ലതാണ് ബാപ്ദാദയ്ക്ക് നീരസമില്ല. മുന്നിൽ വന്നിരുന്നോളൂ. മധുബനിൽ താമസിക്കുന്നുവെങ്കിൽ ആരെങ്കിലും അടുക്കൽ നിമിത്തം ആകണമല്ലോ! എന്നാൽ പാസ് എന്ന വാക്ക് ഓർമ്മ വയ്ക്കുക. പുതിയ പുതിയ കാര്യങ്ങൾ നടക്കുകയല്ലേ കൊള്ളക്കാരും വരുന്നു, പല പുതിയ പുതിയ കാര്യങ്ങളും സംഭവിക്കുന്നു, ഇപ്പോൾ ബാബ പൊതുവായി എന്തു പറഞ്ഞുവോ അല്പം ഗുപ്തമായി വെക്കുന്നു പക്ഷേ മധുബൻകാർക്ക് അറിയാം. ആസ്വദിച്ചോളൂ ആശയക്കുഴപ്പത്തിൽ ആകരുത്. ഒന്നുകിൽ ആശയക്കുഴപ്പത്തിലാവുക അല്ലെങ്കിൽ മനോരഞ്ജനം എന്ന് മനസ്സിലാക്കി ആനന്ദത്തോടെ പാസാകുക. അപ്പോൾ ആശയകുഴപ്പത്തിലാകുന്നതാണോ നല്ലത് അതോ പാസാ

യി ആനന്ദത്തിൽ കഴിയുന്നതാണോ നല്ലത്? പാസ് ചെയ്യേണ്ടേ! പാസ് ആകേണ്ടേ! അപ്പോൾ പാസ് ചെയ്യൂ. എന്താ വലിയ കാര്യമാണോ? ഒരു വലിയ കാര്യവുമില്ല. കാര്യത്തെ വലുതാക്കുക അല്ലെങ്കിൽ ചെറുതാക്കുക എന്നത് സ്വന്തം ബുദ്ധിയിലാണിരിക്കുന്നത്. ആരാണ് കാര്യത്തെ വലുതാക്കുന്നത് അവരെപ്പറ്റി അജ്ഞാന കാലത്തും പറയുന്നു കയറിനെ പാമ്പാക്കുന്നവരാണ്. സിന്ധി ഭാഷയിൽ പറയുന്നു നോരി കോ നാഗ്. ഇങ്ങനെയുള്ള കളി കളിക്കാതിരിക്കൂ. ഇപ്പോൾ ഈ കളി സമാപ്തം.
ഇന്ന് വിശേഷ വാർത്ത കേൾപ്പിച്ചല്ലോ, ബാപ്ദാദ ഇപ്പോൾ ഒരു സഹജപുരുഷാർത്ഥം പറയുകയാണ്, ബുദ്ധിമുട്ടില്ല. എല്ലാവർക്കും ഈ സങ്കല്പം തന്നെയാണല്ലോ സമാനം ആവുക തന്നെ വേണം. ആകുക തന്നെ വേണം, പക്കാ അല്ലേ! വിദേശികളും ആകുക തന്നെ വേണമല്ലോ? ടീച്ചേഴ്സ് ആകേണ്ടേ? ഇത്രയും ടീച്ചർമാർ വന്നിരിക്കുന്നു! ആഹാ ! അത്ഭുതമാണ് ടീച്ചർമാരുടെത്. ബാപ്ദാദ സന്തോഷ വാർത്ത കേട്ടു ടീച്ചർമാരുടെത്. ഏത് സന്തോഷ വാർത്തയാണ് പറയൂ. ടീച്ചർമാർക്ക് ഇന്ന് ഗോൾഡൻ മെഡൽ (ബാഡ്ജ്) ലഭിച്ചു. ആർക്ക് ഗോൾഡൻ മെഡൽ ലഭിച്ചുവോ കൈയുയർത്തൂ. പാണ്ഡവർക്കും ലഭിച്ചുവോ? ബാബയുടെ തരക്കാർ ഇരുന്നു പോകരുത്. പാണ്ഡവർ ബ്രഹ്മാബാബയുടെ തരക്കാരാണ് (അവർക്ക് മറ്റ് പ്രകാരത്തിലുള്ള ഗോൾഡൻ ബാഡ്ജ് ലഭിച്ചിട്ടുണ്ട് ) പാണ്ഡവർക്ക് റോയൽ ഗോൾഡ് മെഡൽ ആണ്. ഗോൾഡ് മെഡൽ ഉള്ളവർക്ക് ബാപ്ദാദയുടെ കോടി കോടി മടങ്ങ് ആശംസകൾ ആശംസകൾ ആശംസകൾ.
ദേശ വിദേശത്ത് കേട്ടുകൊണ്ടിരിക്കുന്ന ഗോൾഡൻ മെഡൽ ലഭിച്ച എല്ലാവരും മനസ്സിലാക്കണം എനിക്കും ബാപ്ദാദ ആശംസകൾ നൽകിയിരിക്കുന്നു, പാണ്ഡവർ ആകട്ടെ, ശക്തികൾ ആകട്ടെ, ഏതൊരു കാര്യത്തിന് നിമിത്തമാകുന്നവർക്കും പ്രത്യേകിച്ച് ഈ ദാദിമാർ പരിവാരത്തിൽ കഴിയുന്നവർക്കും എന്തെങ്കിലും വിശേഷതയുടെ ആധാരത്തിൽ ഗോൾഡൻ മെഡൽ നൽകുന്നു. ആർക്ക് ഏതൊരു വിശേഷതയുടെ ആധാരത്തിൽ സമർപ്പണത്തിന്റെ ആധാരത്തിൽ ആകട്ടെ, ഏതൊരു സേവനത്തിൽ വിശേഷിച്ച് മുന്നേറുന്നവർക്ക് ദാദിമാരിലൂടെയും ഗോൾഡൻ മെഡൽ ലഭിച്ചിട്ടുണ്ട്, അപ്പോൾ ദൂരെയിരുന്ന് കേൾക്കുന്നവർക്കും വളരെ വളരെ ആശംസകൾ. ദൂരെയിരുന്ന് മുരളി കേൾക്കുന്ന എല്ലാവർക്കും വേണ്ടി ഗോൾഡൻ മെഡലുകാർക്ക് വേണ്ടി ഒരു കൈ കൊണ്ട് കൈയ്യടിക്കൂ. അവർ താങ്കളുടെ കൈയ്യടി കണ്ടുകൊണ്ടിരിക്കുന്നു. സന്തോഷിച്ചു കൊണ്ടിരിക്കുന്നു.
ബാപ്ദാദ സഹജ പുരുഷാർത്ഥം കേൾപ്പിക്കുകയായിരുന്നു ഇപ്പോൾ സമയമാണെങ്കിൽ അപ്രതീക്ഷിതമായി ഉണ്ടാകണം, ഒരു മണിക്കൂർ മുമ്പും ബാപ്ദാദ പ്രഖ്യാപിക്കുകയില്ല ചെയ്യുകയില്ല, ചെയ്യുകയില്ല. നമ്പർ എങ്ങനെയാകും? അഥവാ അപ്രതീക്ഷിതമായി നടക്കുന്നില്ലെങ്കിൽ എങ്ങനെ പരീക്ഷ ആകും? ബഹുമതിയുടെ പാസാവുന്നതിന്റെ സർട്ടിഫിക്കറ്റ് ഫൈനൽ സർട്ടിഫിക്കറ്റ് അപ്രതീക്ഷിതമായതിൽ തന്നെ ഉണ്ടാകണം അതിനാൽ ദാദിമാരുടെ ഒരു സങ്കല്പം ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേർന്നിരിക്കുന്നു. ദാദിമാർ ആഗ്രഹിക്കുന്ന ഇപ്പോൾ ബാപ്ദാദ സാക്ഷാത്കാരത്തിന്റെ ചാവി തുറക്കണം ഇതാണ് ഇവരുടെ സങ്കല്പം. താങ്കൾ എല്ലാവരും ആഗ്രഹിക്കുന്നുണ്ടോ? ബാപ്ദാദ ചാവി തുറക്കണോ അതോ താങ്കൾ നിമിത്തം ആകുമോ? ശരി ബാപ്ദാദ ചാവി തുറക്കട്ടെ ശരി. ബാപ്ദാദ ഹാം ജി പറയുന്നു (കയ്യടി മുഴങ്ങി) ആദ്യം മുഴുവൻ കേൾക്കൂ. ബാപ്ദാദയ്ക്ക് ചാവി തുറക്കുന്നതിൽ എന്താണ് വൈകുന്നത് എന്നാൽ ആരിലൂടെയാകും? പ്രത്യക്ഷപ്പെടുത്തേണ്ടത് ആർക്കാണ്? കുട്ടികൾക്കോ അതോ ബാബയ്ക്കോ? ബാബയ്ക്കും കുട്ടികളിലൂടെ ചെയ്യണം എന്തെന്നാൽ അഥവാ ബിന്ദുവിന്റെ സാക്ഷാത്കാരം തന്നെ ഉണ്ടായാലും പലരും പാവങ്ങൾ.... പാവങ്ങൾ ആണല്ലോ ! അപ്പോൾ മനസിലാക്കുകയേയില്ല ഇതെന്താണെന്ന്. അന്തിമത്തിൽ ശക്തികളിലൂടെയും പാണ്ഡവ കുട്ടികളിലൂടെയും ബാബ പ്രത്യക്ഷമാകണം. അപ്പോൾ ബാപ്ദാദ ഇതാണ് പറയുന്നത് എല്ലാ കുട്ടികളുടെയും ഒരേ സങ്കല്പമാണ് ബാബ്സമാനം ആകുക തന്നെ വേണം എന്നത്. ഇതിൽ രണ്ടാമതൊരു വിചാരം ഇല്ലല്ലോ! ഒരേ വിചാരമാണല്ലോ. അപ്പോൾ ബ്രഹ്മ ബാബയെ ഫോളോ ചെയ്യൂ. അശരീരി, ബിന്ദു തനിയെ ആയിക്കോളും. ബ്രഹ്മ ബാബയോട് എല്ലാവർക്കും സ്നേഹം ആണല്ലോ ! ഏറ്റവും അധികം കണ്ടിട്ടുണ്ട് എല്ലാവർക്കും ഉണ്ടെങ്കിലും വിദേശികൾക്ക് ബ്രഹ്മ ബാബയോട് വളരെ സ്നേഹമാണ്. ഈ കണ്ണുകളിലൂടെ കണ്ടിട്ടില്ല എന്നാലും അനുഭവത്തിന്റെ നേത്രത്തിലൂടെ ഭൂരിപക്ഷം വിദേശികളും ബ്രഹ്മ ബാബയെ കണ്ടിട്ടുണ്ട്, വളരെ സ്നേഹവുമാണ്. ഇങ്ങനെ ഭാരതത്തിന്റെ ഗോപികുമാർ ഗോപന്മാരും ഉണ്ട് എന്നാലും ബാപ്ദാദ വിദേശികളുടെ കഥകൾ ഇടയ്ക്കിടെ കേൾപ്പിക്കാറുണ്ട്, ഭാരതവാസികൾ അല്പം ഗുപ്തമാക്കി വയ്ക്കുന്നു. അവർ ബ്രഹ്മാ ബാബയെ പ്രതി കേൾപ്പിക്കുന്നു അപ്പോൾ അവരുടെ കഥകൾ ബാപ്ദാദയും കേൾക്കുന്നു മറ്റുള്ളവരോടും പറയുന്നു, വിദേശികൾക്ക് ആശംസകൾ. ലണ്ടൻ, അമേരിക്ക, ഓസ്ട്രേലിയ, ആഫ്രിക്ക, ഏഷ്യ, റഷ്യ, ജർമ്മനി....നാനാ ഭാഗത്തെയും വിദേശികൾക്ക് ആരാണോ ദൂരെയിരുന്ന് കേട്ടുകൊണ്ടിരിക്കുന്നത്, അവർക്കും ആശംസകൾ നൽകുന്നു , പ്രത്യേകിച്ച് ബ്രഹ്മ ബാബ ആശംസകൾ നൽകുകയാണ്. ഭാരതീയരുടേത് അല്പം ഗുപ്തമാണ് എത്രയും പ്രസിദ്ധമാക്കാൻ ആവുന്നില്ല ഗുപ്ത മായി വെക്കുന്നു. ഇപ്പോൾ പ്രത്യക്ഷമാക്കൂ. ബാക്കി ഭാരതത്തി

ലും വളരെ നന്നായിട്ടുണ്ട്. ഇങ്ങനെയുള്ള ഗോപികമാരുണ്ട്, അഥവാ അവരുടെ അനുഭവം ഇന്നത്തെ കാലത്ത് പ്രധാനമന്ത്രി പ്രസിഡണ്ട് തന്നെ കേൾക്കുകയാണെങ്കിൽ പോലും അവരുടെ കണ്ണുകളിൽ നിന്നും വെള്ളം വന്നു പോകും. ഇങ്ങനെയുള്ള അനുഭവമാണ് എന്നാൽ ഗുപ്തമായി വയ്ക്കുന്നു, ഇത്രയും തുറക്കുന്നില്ല, അവസരവും കുറച്ചേ ലഭിക്കുന്നുള്ളൂ. അപ്പോൾ ബാപ്ദാദ ഇതാണ് പറയുന്നത് ബാപ്ദാദയോട് എല്ലാവർക്കും സ്നേഹമുണ്ട്, അതിനാൽ സ്വയത്തെ എന്തു പറയുന്നു? ബ്രഹ്മാകുമാരിയോ ശിവകുമാരിയോ? ബ്രഹ്മാകുമാരി എന്നല്ലേ പറയുന്നത്, അപ്പോൾ ബ്രഹ്മാബാബയോട് എല്ലാവർക്കും സ്നേഹമുണ്ടല്ലേ. അപ്പോൾ അശരീരിയാകുന്നതിൽ അൽപം പരിശ്രമം ചെയ്യേണ്ടി വന്നാലും പക്ഷേ ബ്രഹ്മാബാബ ഇപ്പോൾ ഏതു രൂപത്തിലാണ്? എത് രൂപത്തിലാണ്? പറയൂ? (മാലാഖാ രൂപത്തിലാണ്) അപ്പോൾ ബ്രഹ്മാബാബയോട് സ്നേഹം അതായത് മാലാഖാ രൂപത്തോട് സ്നേഹം. ബിന്ദുവാകുക പ്രയാസമായി തോന്നുന്നുവെങ്കിൽ, മാലാഖയാകുക അതിലും എളുപ്പമല്ലേ! പറയൂ, ബിന്ദു രൂപത്തെക്കാൾ മാലാഖാരൂപം എളുപ്പമല്ലേ! താങ്കൾക്ക് അക്കൗണ്ട്സ് ജോലി ചെയ്തു കൊണ്ടും ബിന്ദുവാകാൻ കഴിയുമോ? മാലാഖയാകാൻ കഴിയുമല്ലോ! ബിന്ദു രൂപത്തിൽ കർമം ചെയ്തു കൊണ്ടും ഇടയ്ക്കിടെ വ്യക്ത ശരീരത്തിൽ വരേണ്ടി വരുന്നു അതിനാൽ ബാപ്ദാദ കണ്ടു ശാസ്ത്രജ്ഞർ ഒരു ലൈറ്റിന്റെ ആധാരത്തിലൂടെ റോബോട്ട് ഉണ്ടാക്കിയിട്ടുണ്ട്, കേട്ടിട്ടില്ലേ! ശരി കണ്ടിട്ടില്ലെങ്കിലും കേട്ടിട്ടില്ലേ! മാതാക്കൾ കേട്ടിട്ടുണ്ടോ? താങ്കൾക്ക് ചിത്രം കാട്ടിത്തരാം. അവർ ലൈറ്റിന്റെ ആധാരത്തിൽ റോബോട്ട് ഉണ്ടാക്കിയിരിക്കുന്നു, അതെല്ലാം പ്രവർത്തിക്കുന്നു. കൂടുതൽ വേഗത്തിൽ ചെയ്യുന്നു, ലൈറ്റിന്റെ ആധാരത്തിലൂടെ. സയൻസിന്റെ പ്രത്യക്ഷ തെളിവാണ്. അപ്പോൾ ബാപ്ദാദ പറയുന്നു എന്താ സൈലൻസിന്റെ ശക്തിയിലൂടെ, സൈലൻസിന്റെ ലൈറ്റിലൂടെ താങ്കൾക്ക് കർമം ചെയ്യാനാവില്ലേ? ചെയ്യാനാവില്ലേ? എഞ്ചിനീയറും ശാസ്ത്രജ്ഞരും ഇരിക്കുന്നില്ലേ! താങ്കളും ഒരു ആത്മീയ റോബോട്ടിന്റെ സ്ഥിതി തയ്യാറാക്കൂ. അതിനെ പറയും ആത്മീയ കർമയോഗി, മാലാഖാ കർമയോഗി. ആദ്യം താങ്കൾ തയ്യാറാവുക. എഞ്ചിനീയറുണ്ട്, ശാസ്ത്രജ്ഞരുണ്ട് എങ്കിൽ ആദ്യം താങ്കൾ അനുഭവം ചെയ്യുക. ചെയ്യുമോ? ചെയ്യാനാവുമോ? ശരി, ഇങ്ങനെയുള്ള പ്ലാൻ ഉണ്ടാക്കൂ. ബാപ്ദാദ ഇങ്ങനെയുള്ള നടക്കവേ കറങ്ങവേ ആത്മീയ കർമയോഗി മാലാഖമാരെ കാണുവാൻ ആഗ്രഹിക്കുന്നു. അമൃതവേളയ്ക്ക് എണീക്കൂ, ബാപ്ദാദയുമായി മീലനം ആഘോഷിക്കൂ, ആത്മീയസംഭാഷണം ചെയ്യു, വരദാനമെടുക്കൂ. എന്തു ചെയ്യണമോ അത് ചെയ്യു. എന്നാൽ ബാപ്ദാദയുമായി പതിവായി അമൃതവേളയ്ക്ക് കർമയോഗി മാലാഖ ഭവ എന്ന വരദാനമെടുത്ത് പിന്നെ ജോലികാര്യങ്ങളിൽ വരൂ. ഇത് സാധിക്കുമോ?

ഈ പുതിയ വർഷത്തിൽ ലക്ഷ്യം വെക്കൂ സംസ്കാരപരിവർത്തനം, സ്വയത്തിന്റെയും, സഹയോഗത്തിലൂടെ മറ്റുള്ളവരുടെയും. ആരെങ്കിലും ദുർബലരാണെങ്കിൽ സഹയോഗം നൽകൂ, വർണിക്കാതിരിക്കൂ, ചുറ്റുപാട് ഉണ്ടാക്കാതിരിക്കൂ. സഹയോഗം നൽകൂ. ഈ വർഷത്തെ വിഷയം സംസ്കാരപരിവർത്തനം . മാലാഖാ സംസ്കാരം, ബ്രഹ്മാബാബയ്ക്കു സമാന സംസ്കാരം. അപ്പോൾ സഹജ പുരുഷാർഥമാണോ പ്രയാസമാണോ? കുറേശ്ശെ കുറേശെ പ്രയാസമുണ്ടോ? ഒരിക്കലും ഏതെങ്കിലും കാര്യം പ്രയാസമാകുന്നില്ല, തന്റെ ദുർബലത പ്രയാസമാക്കുകയാണ്, അതിനാൽ ബാപ്ദാദ പറയുന്നു ഹേ മാസ്റ്റർ സർവശക്തിവാൻ കുട്ടികളേ, ഇപ്പോൾ ശക്തികളുടെ അന്തരീക്ഷം പരത്തു. ഇപ്പോൾ അന്തരീക്ഷത്തിന് താങ്കളുടെ വളരെ വളരെ വളരെ ആവശ്യകതയുണ്ട്. ഇന്നത്തെക്കാലത്ത് വിശ്വത്തിൽ മലിനീകരണത്തിന്റെ പ്രശ്നമാണ്, ഇങ്ങനെ വിശ്വത്തിൽ ഒരു മണിക്കൂർ മനസിൽ സുഖ, ശാന്തിയുടെ അന്തരീക്ഷത്തിന്റെ ആവശ്യകതയുണ്ട്, എന്തെന്നാൽ മനസിന്റെ മലിനീകരണം വളരെയാണ്, വായു മലിനീകരണത്തെക്കാൾ ഏറെയാണ്. ശരി

നാനാ ഭാഗത്തെയും ബാപ്ദാദയ്ക്കു സമാനമാകുക തന്നെ വേണം, എന്ന ലക്ഷ്യം വെക്കുന്ന നിശ്ചയ ബുദ്ധി വിജയി ആത്മാക്കൾക്ക്, സദാ പഴയ ലോകത്തെയും പഴയ സംസ്കാരത്തെയും ദൃഢ സങ്കൽപത്തിലൂടെ പരിവർത്തനപ്പെടുത്തുന്ന മാസ്റ്റർ സർവ ശക്തിവാൻ ആത്മാക്കൾക്ക് സദാ ഏതെങ്കിലും കാരണത്താൽ സാഹചര്യത്താൽ സ്വഭാവ സംസ്കാരത്താൽ, ദുർബലരായ കൂട്ടുകാർക്ക് ആത്മാക്കൾക്ക് സഹയോഗം നൽകുന്നവരായ, കാരണം കാണുന്നവരല്ല, നിവാരണം ചെയ്യുന്ന ഇങ്ങനെയുള്ള ധൈര്യശാലി ആത്മാക്കൾക്ക് സദാ ബ്രഹ്മാ ബാബയുടെ സ്നേഹത്തിന്റെ പകരം നൽകുന്നവരായ കർമയോഗി മാലാഖമാരായ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ

**വരദാനം: ശുഭചിന്തക സ്ഥിതിയിലൂടെ സർവരുടെയും സഹയോഗം പ്രാപ്തമാക്കുന്ന സർവരുടെയും സ്നേഹിയായി ഭവിക്കട്ടെ.**

ശുഭചിന്തക ആത്മാക്കളെ പ്രതി ഓരോരുത്തരുടെയും ഹൃദയത്തിൽ സ്നേഹം ഉത്പന്നമാകുന്നു. ആ സ്

നേഹം തന്നെ സഹയോഗിയാക്കിത്തരുന്നു. എവിടെ സ്നേഹമുണ്ടോ അവിടെ സമയം, സമ്പത്ത്, സഹയോഗം സദാ അടിയറവാകുവാൻ തയ്യാറാകുന്നു. അപ്പോൾ ശുഭചിന്തക സ്നേഹിയാക്കിയാൽ സ്നേഹം എല്ലാ തരത്തിലുമുള്ള സഹയോഗത്തിൽ അടിയറവാക്കും. അതിനാൽ സദാ ശുഭചിന്തനത്താൽ സമ്പന്നമായിരിക്കൂ, ശുഭചിന്തകരായി സർവരെയും സ്നേഹി, സഹയോഗിയാക്കൂ.

## സ്ലോഗൻ:- ഈ സമയം ദാതാവാകൂ എങ്കിൽ താങ്കളുടെ രാജ്യത്തിൽ ജന്മ ജന്മം ഓരോ ആത്മാവും നിറഞ്ഞിരിക്കും

**സൂചന** : ഇന്ന് മാസത്തെ മൂന്നാം ഞായറാഴ്ച അന്താരാഷ്ട്ര യോഗാ ദിവസമാണ്, എല്ലാ ബ്രഹ്മാ വത്സരും സംഘടിത രൂപത്തിൽ വൈകിട്ട് 6.30 മുതൽ 7.30 മണി വരെ വിശേഷിച്ച് തന്റെ മാസ്റ്റർ സർവശക്തിവാൻ സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, സർവ നിർബല, ദുർബല ആത്മാക്കൾക്ക് ശുഭഭാവനയുടെ കിരണങ്ങൾ നൽകൂ. പരമാത്മ ശക്തികളുടെ അനുഭവം ചെയ്തു കൊണ്ട് നാനാഭാഗത്തും ശക്തിശാലി അന്തരീക്ഷമുണ്ടാക്കാനുള്ള സേവനം ചെയ്യുക.